**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് - വെള്ളാരംകുഴി - കുമ്മനോട് റോഡ് പുനഃരുദ്ധാരണം എന്ന പ്രവൃത്തിയുടെ നിർവ്വഹണ രീതിയിലെ മാറ്റത്തിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).252/14/തസ്വഭവ — തീയതി, തിരുവനന്തപുരം, 27.01.2014

==========================================================================

പരാമർശം: ഗ്രാമവികസന കമ്മീഷണറുടെ 22.10.2013 ലെ 12136/ഡി.പി.4/13/സി.ആർ.ഡി. നമ്പർ കത്ത്.

## ഉത്തരവ്

വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2010-11 വർഷത്തെ വെള്ളാരംകുഴി കുമ്മനോട് റോഡ് പുനഃരുദ്ധാരണം എന്ന ടെണ്ടർ നടപടി പ്രകാരം കരാർവച്ച പ്രവൃത്തി, കരാറുകാരൻ മരണപ്പെട്ടുപോയതിനാലും ബാദ്ധ്യത ഇല്ലാതിരുന്ന രണ്ടും മൂന്നും സ്ഥാനക്കാർ പ്രവൃത്തി ഏറ്റെടുക്കാതിരുന്നതിനാലും ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുവേണ്ടി ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയിട്ടുള്ളതായും സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കേണ്ടിയിരുന്നതിനാൽ നിർവ്വഹണരീതിയിലെ മാറ്റത്തിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടുന്നതിന് സാധിച്ചിട്ടില്ലെന്നും പദ്ധതി പ്രസ്തുത വർഷം പൂർത്തീകരിച്ചിട്ടുണ്ടെന്നും ഗ്രാമവികസന കമ്മീഷണർ പരാമർശ പ്രകാരം അറിയിച്ചിട്ടുണ്ട്. ആയതിനാൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ഭാഗത്തു നിന്ന് ഉണ്ടായിട്ടുള്ള നടപടിക്രമത്തിലെ പിഴവ്, സാഹചര്യത്തിന്റെ അടിയന്തര സ്വഭാവം പരിഗണിച്ച് സാധൂകരിക്കാവുന്നതാണെന്ന് ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് വെള്ളാരംകുഴി കുമ്മനോട് റോഡ് പുനഃരുദ്ധാരണം എന്ന പ്രവൃത്തിയുടെ നിർവ്വഹണ രീതിയിലെ മാറ്റത്തിന്, മേലിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണെന്ന നിബന്ധനയിന്മേൽ, സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ജെയിംസ് വർഗ്ഗീസ് ഐ.എ.എസ്.,
പ്രിൻസിപ്പൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, വാഴക്കുളം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ